പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:71 — 27/06/2011 - ൽ മറുപടിക്ക്

## ഫ്ളാറ്റ് നിർമ്മാതാക്കൾക്കെതിരായ പരാതികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | ഫ്ളാറ്റുകളും വില്ലകളും വാഗ്ദാനം നൽകി പണം തട്ടിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് വഞ്ചിതരായവരിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരായിട്ടാണ് പൊതുവിൽ പരാതികൾ ഉയർന്നു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 1. ട്രാൻസ് ഇന്ത്യ കൺസ്ട്രക്ഷൻ കമ്പനി<br>2. ഗാർഡിയൻ ടവർ<br>3. ആപ്പിൾ എ ഡേ പ്രോപ്പർട്ടീസ് (Pvt Ltd)<br>4. പാർത്ഥസാരഥി പ്രോപ്പർട്ടീസ് (Pvt Ltd)<br>5. എസ്.ആർ.കെ കൺസ്ട്രക്ഷൻ,<br>6. സ്റ്റാർ ഹോംസ്<br>7. ബി.സി.ജി.ബിൽഡേഴ്സ്<br>8. മാരുതി ഹാബിറ്റാറ്റ്/ മാരുതി ഹോംസ്<br>9. സ്റ്റാർ അപ്പാർട്ട്മെന്റ്സ്<br>10. മായാ റിയൽടേഴ്സ് |
| (സി) | പ്രസ്തുത പരാതികളിൽ നിന്നും വഞ്ചനയുടെ പൊതുസ്വഭാവം വ്യക്തമാക്കുമോ; | (സി) | ഫ്ളാററ്/ വില്ല/ വീട് എന്നിവ നിർമ്മിച്ച് നൽകാമെന്ന് വാഗ്ദാനം നൽകി പണം സ്വീകരിച്ചശേഷം കരാറിൽ പറഞ്ഞപ്രകാരം ആയവ പൂർത്തീകരിച്ച് നൽകാതിരിക്കുന്നത് സംബന്ധിച്ചാണ് ഏറെയും പരാതികൾ |

| | | | |
|---|---|---|---|
| (ഡി) | പരാതികളിൻമേൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ഡി) & (ഇ) | പേരൂർക്കട പോലീസ് സ്റ്റേഷനിൽ ട്രാൻസ് ഇന്ത്യ കൺസ്ട്രക്ഷൻ കമ്പനിക്കെതിരെ 4 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിലെ ഒന്നാം പ്രതി സതീഷ് നായരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ടാംപ്രതിയും ഒന്നാംപ്രതിയുടെ ഭാര്യയുമായ അനിത എസ്. നായർ കോടതിയിൽനിന്നും ജാമ്യം നേടിയിട്ടുണ്ട്.<br>അരൂർ, പൂച്ചാക്കൽ പോലീസ് സ്റ്റേഷനുകളിൽ രണ്ടുവീതവും പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ 173 ഉം കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ ഒന്നും കേസുകൾ ആപ്പിൾ എ ഡേ പ്രോപ്പർട്ടീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തി നെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളിലെ പ്രതികളായ കെ.എ.സാജു, രാജീവ് ചെറുവാര എന്നിവർ കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ്ക്ളാസ് മജിസ്ട്രേട്ട് കോടതിയിൽ കീഴടങ്ങുകയും എറണാകുളം ജുഡീഷ്യൽ ഫസ്റ്റ്ക്ളാസ് മജിസ്ട്രേട്ട് കോടതിയുടെ ഉത്തരവ് പ്രകാരം 10 ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വാങ്ങി അന്വേഷണം നടത്തിവരികയും ചെയ്യുന്നു.<br>മ്യൂസിയം പോലീസ് സ്റ്റേഷനിൽ ഗാർഡിയൻ ടൗവർ എന്ന സ്ഥാപനത്തിനെതിരെ ഒരു കേസും, ചക്കാലക്കൽ പോലീസ് സ്റ്റേഷനിൽ പാർത്ഥസാരഥി പ്രോപ്പർട്ടീസിനെതിരെ ഒരു കേസും പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകളും എസ്.ആർ.കെ. കൺസ്ട്രക്ഷനെതിരെ ഒരു കേസും. ഹിൽപാലസ് പോലീസ് സ്റ്റേഷനിൽ മാരുതിഹാബിറ്റാറ്റ്സ്/മാരുതിഹോംസിനെതിരെ രണ്ട് കേസുകളും സ്റ്റാർ ഹോംസിനെതിരെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല, അന്വഷണം നടന്നുവരുന്നു.<br>തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ മായാ റിയൽടേഴ്സിനെതിരെ നാല് കേസുകൾ രജിസ്റ്റർ ചെയ്തതിൽ ഒരു കേസ് തെളിവില്ലാത്തതിനാൽ തള്ളുകയും മൂന്ന് കേസുകളിൽ കുറ്റപത്രം നൽകുകയും പ്രതികൾ മുൻകൂർ ജാമ്യം നേടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്റ്റാർ അപ്പാർട്ട്മെന്റ്സ്, ബി.സി.ജി. ബിൽഡേഴ്സ് എന്നീ സ്ഥാപനങ്ങൾക്കെതിരെ ലഭിച്ച പരാതികളിൽ പ്രാഥമിക അന്വഷണം നടന്നുവരുന്നു, കേസുകൾ എടുത്തിട്ടില്ല. |
| (ഇ) | വഞ്ചന നടത്തിയ കമ്പനികളുടെ ഉടമകൾക്കെതിരെ പോലീസ് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; എത്രപേരെ അറസ്റ്റു ചെയ്ത് റിമാന്റിലാക്കിയിട്ടുണ്ട്; ആപ്പിൾ എ ഡേ പ്രോപ്പർട്ടീസ് ഉടമകളെ പോലീസ് അറസ്റ്റുചെയ്യുകയുണ്ടായോ എന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ